**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2111** **06-07-2022 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം താലൂക്ക് ആശുപത്രിയിൽ രാത്രികാല ഒ.പി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം താലൂക്ക് ആശുപത്രിയിൽ രാത്രികാല ഒ.പി. സേവനം ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സേവനം തടസ്സപ്പെടാൻ എന്താണ് കാരണം എന്ന് വ്യക്തമാക്കാമോ; | (എ) | പെരിങ്ങോം താലൂക്ക് ആശുപത്രിയിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെ തസ്തിക നിലവിൽ ഇല്ലാത്തതിനാൽ കാഷ്വാലിറ്റി സേവനം ലഭ്യമല്ല. ആയതിനാൽ രാത്രി ഒ.പി.സേവനം നിലവിലില്ല. |
| (ബി) | താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ എത്ര തസ്തികകളാണ് നിലവിൽ ഉള്ളത് എന്നും അതിൽ എത്ര ഒഴിവുകളുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | ഡോക്ടർമാരുടെ 8 തസ്തികകൾ നിലവിൽ ഉണ്ട്. ഒഴിവുകൾ ഒന്നും ഇല്ല.<br>സിവിൽ സർജൻ (സൂപ്രണ്ട്) - 1<br>അസിസ്റ്റന്റ് സർജൻ - 5<br>ജൂനിയർ കൺസൽട്ടന്റ് (ഗൈനക്) - 1<br>ജൂനിയർ കൺസൽട്ടന്റ് (പീഡിയാട്രിക്) -1 |
| (സി) | ജോലി ക്രമീകരണം മൂലം ഡോക്ടർമാരെ മറ്റ് ആശുപത്രികളിലേയ്ക്ക് മാറ്റിയിട്ടുണ്ടോ; എങ്കിൽ അതിന് പകരം വേറെ ഡോക്ടറെ നിയമിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഗൈനക്കോളജി തസ്തികയിൽ ജോലി ചെയ്യുന്ന ഒരു ഡോക്ടർ ജോലി ക്രമീകരണ വ്യവസ്ഥയിൽ പേരാവൂർ താലൂക്ക് ആശുപത്രിയിൽ ജോലി ചെയ്യുന്നുണ്ട്. പകരമായി എൻ.എച്ച്.എം. മുഖേന ഒരു ഡോക്ടറെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ